## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 600** | **10.7.2012-ന് മറുപടിക്ക്**

**ജെ.എൻ.എൻ.യു.ആർ.എം. പുതിയ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, പി. ഉബൈദുള്ള<br>,, കെ. എം. ഷാജി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജെ.എൻ.എൻ.യൂ.ആർ.എം.ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ)<br>• രാജ്യത്തെ നഗരങ്ങളുടെ സമഗ്ര വികസനമാണ്. ജെ.എൻ.എൻ.യൂ.ആർ.എം-ന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെപ്പറയുന്നു.<br>• ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെട്ട നഗരങ്ങളുടെ സംയോജിത അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുക.<br>• ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുകയും അവ പ്രഖ്യാപിത സാമൂഹ്യ പരിഷ്കാരങ്ങളിലൂടെ സുസ്ഥിരമായി നിലനിർത്തുകയും ചെയ്യുക.<br>• പ്രസ്തുത നഗരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ഉറപ്പുവരുത്തുക.<br>• പ്രസ്തുത നഗരങ്ങളുടെ ആസൂത്രിത വികസനത്തിലൂടെ നഗരങ്ങളുടെയും നഗരങ്ങളോട് കൂട്ടിച്ചേർന്ന പ്രദേശത്തേയ്ക്കും നഗരപ്രാന്തപ്രദേശങ്ങളിലേയ്ക്കും നഗരവത്കരണം വ്യാപിപ്പിക്കുക.<br>• പ്രസ്തുത നഗരങ്ങളിലെ പാവപ്പെട്ട എല്ലാ ജനവിഭാഗങ്ങൾക്കും സാമൂഹ്യ |

അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക.

- പഴയ നഗരപ്രദേശങ്ങളുടെ പുനരുദ്ധാരണത്തിലൂടെ പ്രദേശങ്ങളുടെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന് മുന്തിയ പരിഗണന നൽകുക.
- സർക്കാരിന്റെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ ഇപ്പോൾ നിലവിലുള്ള സേവനങ്ങൾ എല്ലാ പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക, കൂടാതെ കുറഞ്ഞ ചിലവിലുള്ള ജീവിത സൗകര്യങ്ങൾ, മെച്ചപ്പെട്ട താമസം, ശുദ്ധജല വിതരണം ശുചിത്വപരിപാലനം എന്നിവയിലൂടെ നഗരത്തിലെ എല്ലാ ദരിദ്ര വിഭാഗങ്ങൾക്കും അടിസ്ഥാനസൗകര്യം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക.
- ജെ.എൻ.എൻ.യു.ആർ.എം–ന്റെ ഉപ പദ്ധതികളായ ഐ.എച്ച്.എസ്.ഡി.പി., ബി.എസ്.യു.പി എന്നിവ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. ഇവയുടെ പ്രധാന ലക്ഷ്യം ചുവടെ ചേർക്കുന്നു:
- നഗര പ്രദേശങ്ങളിലെ ചേരി നിവാസികൾക്ക് പര്യാപ്തമായ താമസസൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടുള്ള പൂർണ്ണമായ ചേരി വികസനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.
- പരമ്പരാഗത മത്സ്യ തൊളിലാളി കുടുംബങ്ങൾ തിങ്ങിപാർക്കുന്ന തീര പ്രദേശത്തിനും പട്ടിക ജാതി/പട്ടിക വിഭാഗക്കാർ തിങ്ങിപാർക്കുന്ന പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നതിന് പദ്ധതി നിർദ്ദേശിക്കുന്നു.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം നൽകാമോ ; | ബി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ കീഴിൽ കുടുംബശ്രീ വഴി 47 നഗരസഭകളിലായി സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി)യും തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ബേസിക് സർവ്വീസ് ടു അർബൻ പുവർ (ബി.എസ്.യു.പി) എന്ന പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. |

സംസ്ഥാനത്തിലെ നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനമാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം. 36468 പുതിയ വീടുകളും 13404 വീടുകളുടെ പുനരുദ്ധാരണവും 3659 അടിസ്ഥാന സൗകര്യ പ്രവൃത്തികളുമാണ് ഈ രണ്ടു പദ്ധതികളിലുമായി ലക്ഷ്യമിട്ടിരിക്കുന്നത് 22496 പുതിയ വീടുകളടെ നിർമ്മാണം ആരംഭിക്കുകയും, 16739 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 10955 വീടുകളുടെ പുനരുദ്ധാരണം പ്രവർത്തനം ആരംഭിക്കുകയും ഇതിൽ 9729 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ പ്രവൃത്തികളിൽ 1127 ആരംഭിക്കുകയും ഇതിൽ 903 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കെ.എസ്.യു.ഡി.പി വഴി നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സി) ഇതിന്റെ കീഴിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് വ്യക്തമാക്കാമോ ;

സി)

- ശുദ്ധജലവിതരണ പദ്ധതി എല്ലാ സംവിധാനങ്ങളോടും കൂടി പൂർത്തീകരിക്കുക.
- ദ്രവമാലിന്യ നിർമ്മാർജ്ജന സംവിധാനം ത്വരിതപ്പെടുത്തുക.
- ഉപരിതല ജലനിർഗമന സംവിധാനത്തിന്റെ നവീകരണം.
- ഖരമാലിന്യ പരിപാലനം വ്യാപിപ്പിക്കുക.
- ബസ് വാങ്ങൽ 100% പൂർത്തീകരിക്കുക.
- ഇ-ഗവേണൻസ് 100% പൂർത്തീകരിക്കുക.
-

ഡി) ഇതിന്റെ നടത്തിപ്പിൽ മറ്റേതെങ്കിലും സംസ്ഥാനത്തിന്റെ പ്രവർത്തനം മാതൃകയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികളുടെ നടത്തിപ്പിൽ കേരളത്തിനെയാണ് പല സംസ്ഥാനങ്ങളും മാതൃകയാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.യു.ഡി.പി വഴി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

### തിരുവനന്തപുരം

| പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|
| 1. ശുദ്ധജലവിതരണം | 8716.00 |
| 2.സ്വീവറേജ് സ്കീം 1-ാംഘട്ടം | 21541.00 |
| 3. ഖരമാലിന്യ നിർമ്മാർജ്ജനം | 2456.00 |
| 4. സ്വീവറേജ് സ്കീം 2-ാം ഘട്ടം | 12115.00 |
| 5. ബസ്സ് വാങ്ങൽ | 5340.00 |
| 6. അഴുക്കുചാൽ/വെള്ള പ്പൊക്കനിവാരണം | 4039.00 |
| 7. ഈ ഗവേണൻസ് | 1347.55 |
| **ആകെ** | **55554.55** |

### കൊച്ചി

| പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|
| 1.അഴുക്കുചാൽ/വെള്ളപ്പൊക്കനിവാരണം | 978.00 |
| 2. ഖരമാലിന്യ സംസ്കരണം | 8812.00 |
| 3. ശുദ്ധജലവിതരണ പദ്ധതി | 20117.00 |
| 4. സ്വീവറേജ് | 7481.00 |
| 5. നഗരഗതാഗതം | 10964.00 |
| 6. ബസ്സ് വാങ്ങൽ | 7100.00 |
| 7. ഈ ഗവേണൻസ് | 870.50 |
| 8. പൈതൃക സംരക്ഷണം | 2210.00 |
| **ആകെ** | **58532.50** |